Centenary Publication - 9

# കൊമ്പൻ ചെല്ലിയെ നശിപ്പിക്കാൻ മെറ്റാറൈസിയം കുമിൾ

## എവിടെ എങ്ങിനെ ഉപയോഗിക്കാം?

- കൊമ്പൻ ചെല്ലി വംശവർധന നടത്തുന്ന ചീഞ്ഞ ജൈവ വസ്തുക്കൾ, തെങ്ങ്, പന മുതലായവയുടെ ദ്രവിച്ച് അഴുകുന്ന തടികൾ, കുറ്റികൾ, കാലിവളം, മണ്ണിരകമ്പോസ്റ്റ് , ചകിരിച്ചോർ, അറക്കപ്പൊടി എന്നിവ കൂട്ടിയിട്ടിരിക്കുന്ന ഇടങ്ങളിൽ ഉപയോഗിക്കാം.

## ഉപയോഗക്രമം

- കുണ്ടളപ്പുഴു വളരുന്ന സ്ഥലങ്ങളിൽ ഒരു ഘനമീറ്റർ ($M^3$) ജൈവവസ്തുവിന് $5 \times 10^{11}$ കുമിൾ വിത്തുകൾ എന്ന തോതിൽ തളിച്ച് കീടനിയന്ത്രണം നടപ്പാക്കാം. ധാന്യങ്ങളിൽ വളർത്തിയ കുമിളിന്റെ പായ്ക്കറ്റ് (100ഗ്രാം) ഒരു ലിറ്റർ വെള്ളവുമായി കലർത്തി ഉപയോഗിക്കാം.

- ചാണകക്കുഴിയിൽ/കമ്പോസ്റ്റ് കുഴിയിൽ നന്നായി ഇളക്കി തളിക്കുക. ഒരു മൺവെട്ടി കൊണ്ട് ജൈവവസ്തുക്കളുമായി യോജിപ്പിക്കുകയോ ഇടക്കിടെ കമ്പുകൊണ്ടു കുത്തി കുഴിയുണ്ടാക്കി അതിലേക്ക് ഒഴിച്ചു കൊടുക്കുകയോ ചെയ്യാം.

- ചാണകം / കമ്പോസ്റ്റ് നീക്കം ചെയ്യുമ്പോൾ കുമിൾ കലർന്ന ചെറിയ ഒരു ഭാഗം കുഴിയിൽ ഇട്ടേക്കുക. ഇതു പുതിയ ചാണകവുമായി കലർത്തിയാൽ വീണ്ടും ചെല്ലിയുടെ പുഴുക്കൾ വളരാതിരിക്കാൻ സഹായിക്കും. മെറ്റാറൈസിയം കുമിൾ മണ്ണിരക്ക് യാതൊരു ദോഷവും ചെയ്യുന്നില്ല.









ഇന്ത്യൻ കാർഷിക ഗവേഷണ കൗൺസിൽ -
കേന്ദ്ര തോട്ടവിള ഗവേഷണ സ്ഥാപനം, പ്രാദേശിക കേന്ദ്രം
കൃഷ്ണപുരം, കായംകുളം – 690 533, കേരളം
ഫോൺ : 0479 – 2442160



മെറ്റാറൈസിയം കുമിൾ പായ്ക്കറ്റുകൾ



ചാണകക്കുഴിയിൽ കുമിൾ പ്രയോഗിക്കുക.



കുമിൾ ബാധിച്ച കുണ്ടളപ്പുഴു

**തയ്യാറാക്കിയത്**

ചന്ദ്രിക മോഹൻ, പി.അനിതകുമാരി, ദേവിക.എസ്സ്, സംഗീത.എസ്സ് & റസിയ. കെ.എച്ച്

**JULY - 2015**

**സാമ്പത്തിക സഹായം**
നാളികേര വികസന ബോർഡ്

Published by: Dr. P.Chowdappa, Director, ICAR-CPCRI, Kasaragod, Kerala-671124.